(എച്ച്) ഉല്പാദനം നിലച്ചതിനുശേഷം സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുന്നതിന് 25 ലക്ഷം രൂപയും കമ്പനി സുരക്ഷിതത്വത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ സംവിധാനത്തിന് 10 ലക്ഷം രൂപയും മാസത്തിൽ ശമ്പളം നൽകുവാൻ 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള സോപ്സ് ആന്റ് ഓയിൽക്കമ്പനി തുറക്കുവാൻ നടപടി

136 [2614] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കേരള സോപ്സ് ആന്റ് ഓയിൽ കമ്പനി ഏറ്റവും ഒടുവിൽ ഉല്പാദന പ്രവർത്തനം നിർത്തി അടച്ചുപൂട്ടിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇവിടെ എത്ര തൊഴിലാളികൾ ജോലി ചെയ്തിരുന്നു;

(ബി) ഈ കമ്പനി തുറന്നു പ്രവർത്തിക്കുവാൻ ഏതെങ്കിലും സ്ഥാപനം ധനസഹായം അനുവദിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് സ്ഥാപനം; എന്ത് തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കമ്പനി തുറക്കാൻ സർക്കാർ ഏതെങ്കിലും നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കമ്പനിയുടെ അധീനതയിലുള്ള സ്ഥലം ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് വിൽക്കുന്നതിനായി ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 30-6-2001 മുതൽ കേരള സോപ്സ് ആന്റ് ഓയിൽസിലെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഇവിടെ 240 തൊഴിലാളികൾ ജോലി ചെയ്തിരുന്നു.

(ബി) കമ്പനി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ഒരു സ്ഥാപനവും ധനസഹായം അനുവദിച്ചിട്ടില്ല.

(സി) കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ ഇ.ആർ.സി.-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്പനി അടച്ചുപൂട്ടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഡി) ഇത്തരത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

കോട്ട പ്രഭുറാം മില്ലിന്റെ നവീകരണം

137 [2616] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിലെ കോട്ട പ്രഭുറാം മില്ലിന്റെ നവീകരണത്തിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly